5604
22/11/18

File No.FWLD-A1/122/2017-FWLD

കേരള സർക്കാർ

സംഗ്രഹം

തൃശ്ശൂർ ഡിവിഷൻ - പട്ടിക്കാട് റെയിഞ്ച് - മാന്ദാമംഗലം സ്റ്റേഷൻ പരിധിയിൽ വ്യാപക മരംമുറി നടക്കുന്നുവെന്ന പരാതി - ശ്രീ.വി.ബി.അഖിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.470/2018/വനം    തീയതി,തിരുവനന്തപുരം, 31/10/2018

---

പരാമർശം:- (1) 19.10.2017, 17.08.2018 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7-23466/17 നമ്പർ കത്തുകൾ

(2) 16.12.2017-ലെ F&WLD-A1/122/17-F&WLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(3) 01.03.2018 തീയതിയായി ശ്രീ.വി.ബി.അഖിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക

ഉത്തരവ്

തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ താമര വെള്ളച്ചാൽ എൻ. ആർ. എഫ്. ഭൂമിയിൽ നിന്നും അനധികൃതമായി തേക്കുമരങ്ങൾ സ്റ്റാഫുകളുടെ അറിവോടെ മുറിച്ചു മാറ്റിയെന്ന പരാതിയിന്മേൽ എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ ടി മരംമുറിയുമായി ബന്ധപ്പെട്ട ഒ. ആർ. കേസ്സുകളിന്മേൽ ശരിയായ രീതിയിൽ അന്വേഷണം നടത്താതെ നഷ്ടപ്പെട്ട യഥാർത്ഥ തൊണ്ടിത്തടികൾക്കു പകരം മൂല്യം കുറഞ്ഞ പഴയ തടികൾ തൊണ്ടിയെന്ന വ്യാജേന കസ്റ്റഡിയിലെടുത്തതിലൂടെ കേസ് ദുർബലപ്പെടുന്നതിനും തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി മഹസ്സർ തയ്യാറാക്കിയതിലൂടെ പട്ടിക്കാട് റെയിഞ്ചോഫീസർ, മാന്ദാമംഗലം ഡെപ്യൂട്ടി റെയിഞ്ചോഫീസർ, സ്റ്റാഫുകൾ എന്നിവർ ഗുരുതരമായ അച്ചടക്ക ലംഘനവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചയും വരുത്തിയതായി കണ്ടെത്തി.

2 ) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ), വി. & എഫ്. ഐ. വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ ശുപാർശ ചെയ്യുകയും അത് അംഗീകരിച്ച് പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. വി. ബി. അഖിലിനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) ലെ 19.10.2017-ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3 ) മേൽ ശുപാർശ അംഗീകരിച്ച് ശ്രീ.വി.ബി.അഖിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ക്കെതിരെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം15പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും പരാമർശം (2) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

4 ) കുറ്റപത്രത്തിന് ശ്രീ. വി. ബി. അഖിൽ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങളൊന്നും അംഗീകരിക്കാൻ കഴിയില്ലെന്നും ടിയാനെതിരെ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) ലെ 17.08.2018-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

5) ശ്രീ.വി.ബി.അഖിൽ പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കുന്നതിനുള്ള അവസരത്തിന് അഭ്യർത്ഥിച്ചതിൻ പ്രകാരം 10.10.2018-ന് ടിയാനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ടിയാൻ തന്റെ പ്രതിവാദങ്ങളിൽ ഉറച്ച് നിൽക്കുകയും, താൻ ആത്മാർത്ഥമായും, നല്ല ഉദ്ദേശശുദ്ധിയോടും കൂടിയാണ് കർത്തവ്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളതെന്നും, ഇതു കെട്ടിച്ചമച്ച കുറ്റാരോപണമാണെന്നും, ആയതിനാൽ തന്നെ ഇതിൽ നിന്നും വിമുക്തനാക്കാൻ നടപടി വേണമെന്നും അഭ്യർത്ഥിച്ചു.

6 ) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.അഖിലിന്റെ മേലുദ്യോഗസ്ഥർ ടിയാനെതിരെ പ്രതികൂലമായ റിപ്പോർട്ട് തന്നിരിക്കുന്ന സ്ഥിതിക്കും, പ്രസ്തുത സ്ഥലത്തെ ഒരു മുൻ മരം മുറികേസിലെ പ്രതിയായ ബൈജു എന്ന വ്യക്തി ആത്മഹത്യ ചെയ്ത സംഭവത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവായ സ്ഥിതിക്കും, ഈ വിഷയത്തിൽ കൂടുതൽ തെളിവു ശേഖരിക്കുന്നതിനും ശ്രീ.വി.ബി.അഖിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നിരപരാധിത്വം തെളിയിക്കുന്നതിന് അവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിനും, അന്വേഷണാധികാരിയായി ശ്രീ.സന്തോഷ് കെ. ജോൺ, ഐ.എഫ്.എസ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺ സർ വേറ്ററിനെയും (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) പ്രസന്റിംഗ് ഓഫീസറായി ശ്രീ.വിനോദ് ആർ. , പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ്

ഓഫീസറെയും നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

7) അന്വേഷണാധികാരി കർശനമായും 3 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.അന്വേഷണ ഉദ്യോഗസ്ഥർ മറ്റു ജോലികളിൽ വ്യാപൃതരാണെകിൽ /സമയക്രമം പാലിക്കാൻ കഴിയില്ലെങ്കിൽ അക്കാര്യം സർക്കാരിൽ ഒരാഴ്ചക്കകം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സന്തോഷ് കെ. ജോൺ, ഐ.എഫ്.എസ്.,

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്)

ശ്രീ.വിനോദ് ആർ., പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ. വി.ബി.അഖിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by BIJI K
Date: 2018.10.31
16:59:19 IST
Reason: Approved

സെക്ഷൻ ഓഫീസർ